# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: *580

28-10-2016 ൽ മറുപടിയ്ക്ക്

## ചെറുകിട നാമമാത്ര നെൽകർഷകർക്ക് സൗജന്യ വൈദ്യുതി

**ചോദ്യം**
ശ്രീ.മുരളി പെരുനെല്ലി
,, റ്റി.വി.രാജേഷ്
,, എ.എം. ആരിഫ്
,, പി. ഉണ്ണി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചെറുകിട നാമമാത്ര നെൽകർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ) | ഉണ്ട്. ചെറുകിട – നാമമാത്ര കർഷകർ ഉൾപ്പെടെ എല്ലാ നെൽകൃഷിക്കാർക്കും ഭൂപരിധി ബാധകമല്ലാതെ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നുണ്ട്. |
| (ബി) | ഇപ്രകാരം വൈദ്യുതി സൗജന്യമായി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.)നം. 311/95/എ.ഡി., തീയതി: 31.08.1995 പ്രകാരം നെൽകൃഷിക്ക് 01.08.1995 മുതൽ പൂർണ്ണമായി വൈദ്യുതി സൗജന്യം അനുവദിച്ചിട്ടുണ്ട്. നെൽകൃഷിക്ക് ജലസേചനത്തിനായി വൈദ്യുതി ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ള കാർഷിക വൈദ്യുതി കണക്ഷൻ ഉള്ളവരും, പ്രസ്തുത ആവശ്യത്തിനായി വൈദ്യുതി ഉപയോഗിച്ചുവരുന്നതുമായ കർഷകർ കൃഷി വകുപ്പിന്റെ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും മാനദണ്ഡമാക്കിയാണ് പദ്ധതി ആനുകൂല്യം നൽകി വരുന്നത്. ഇപ്രകാരമുള്ള കർഷകരുടെ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച ഇൻവോയ്സ് ബന്ധപ്പെട്ട കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് കൃഷിഭവനിൽ നിന്നും നേരിട്ട് വൈദ്യുതി ബോർഡിലേക്ക് തുക നൽകിവരികയാണ് ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (സി) | ചെറുകിട നാമമാത്ര നെൽകർഷകർക്ക് പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | എല്ലാ ചെറുകിട – നാമമാത്ര കർഷകർക്കും പ്രതിമാസം കർഷക പെൻഷൻ 600/- രൂപ നൽകി വന്നിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ യു.ഡി.എഫ്. സർക്കാർ നൽകാനുണ്ടായിരുന്ന പെൻഷൻ കുടിശ്ശികയിൽ തിരുവനന്തപുരം ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും 2016 ജനുവരി വരെ കുടിശ്ശികയായ 113.52 കോടി രൂപ നൽകി കഴിഞ്ഞു. എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും 1,000/- രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2016 ജൂൺ ഒന്നാം തീയതി മുതൽ കർഷക പെൻഷൻ 600 രൂപയിൽ നിന്ന് 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം ഒരു മാസത്തെ തുകയായ 1000 രൂപ വീതം നൽകുവാൻ 37.895 കോടി രൂപ അനുവദിച്ച് ജില്ലകളിലേക്ക് കൈമാറി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ